**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതിയിൽ എൻ.സി.ഇ.ആർ.ടി. വരുത്തുന്ന മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സിലബസ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ പാഠ്യപദ്ധതിയിൽ എൻ.സി.ഇ.ആർ.ടി. വരുത്തുന്ന മാറ്റങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. ദേശീയ വിദ്യാഭ്യാസനയം 2020 ന്റെ അടിസ്ഥാനത്തിൽ 2023-24 അക്കാദമിക വർഷം റാഷണലൈസേഷൻ എന്ന പേരിൽ ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ പാഠപുസ്തകങ്ങളിൽ നിന്ന് ചില ഭാഗങ്ങൾ എൻ.സി.ഇ.ആർ.ടി. ഒഴിവാക്കുകയുണ്ടായി. വർത്തമാനകാല സാഹചര്യത്തിൽ കുട്ടികൾ തീർച്ചയായും അറിഞ്ഞിരിക്കേണ്ട പലതും ഒഴിവാക്കപ്പെട്ടവയിൽ ഉണ്ടായിരുന്നു. സ്കൂൾ പാഠപുസ്തകങ്ങളിൽ നിന്ന് പരിണാമ സിദ്ധാന്തവും പീരിയോഡിക് ടേബിളും പോലുള്ള പാഠഭാഗങ്ങൾ ഒഴിവാക്കുകയുണ്ടായി. ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ് ,ഇക്കണോമിക്സ് ,സോഷ്യോളജി എന്നീ പാഠപുസ്തകങ്ങളിൽ നിന്നാണ് വ്യാപകമായി പാഠഭാഗങ്ങൾ ഒഴിവാക്കിയത്. ഇത്തരം കാര്യങ്ങൾ കൂടുതലും മാനവിക വിഷയങ്ങളിലാണ് വന്നിരിക്കുന്നത്. ചരിത്രത്തിൽ മുഗൾ ചരിത്രം, വ്യവസായ വിപ്ലവം, ഇന്ത്യാവിഭജന ചരിത്രം തുടങ്ങിയവയും പൊളിറ്റിക്കൽ സയൻസിൽ മഹാത്മജിയുടെ രക്തസാക്ഷിത്വം, പഞ്ചവത്സരപദ്ധതികൾ, അടിയന്തരാവസ്ഥ, ഇന്ത്യയിലെ ജനകീയ സമരങ്ങൾ തുടങ്ങിയവയും അന്താരാഷ്ട്ര തലത്തിലെ രാഷ്ട്രീയ മാറ്റങ്ങളും അമേരിക്കൻ സാമ്രാജ്യത്വം ഉൾപ്പെടെയുള്ളവയും ഇക്കണോമിക്സിൽ പ്രധാനമായും ദാരിദ്ര്യം സംബന്ധിച്ച കാര്യങ്ങളും സോഷ്യോളജിയിൽ ഇന്ത്യയിലെ സാമൂഹ്യസാഹചര്യങ്ങളും ജാതിവ്യവസ്ഥിതിയും പരാമർശിക്കുന്നതുമായ ഭാഗങ്ങൾ ആണ് എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയത്. കോവിഡിന്റെ സാഹചര്യം, ദേശീയ വിദ്യാഭ്യാസ നയം 2020, പാഠഭാഗങ്ങളുടെ കാഠിന്യനിലവാരം, ഒരേ പാഠഭാഗങ്ങളുടെ |

| | | | |
|---|---|---|---|
| | | | ആവർത്തനം, അനുഭവാധിഷ്ഠിത പഠനം സാധ്യമാക്കൽ എന്നിവയാണ് ഉള്ളടക്കം കുറയ്ക്കുന്നത് സംബന്ധിച്ച് എൻ.സി.ഇ.ആർ.ടി. നൽകുന്ന വിശദീകരണം.<br><br>കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന് വ്യാപകമായി ജനകീയ ചർച്ചകൾ നടക്കുമ്പോഴാണ് യാതൊരു യുക്തിയുമില്ലാതെ ഏകപക്ഷീയമായി പാഠഭാഗങ്ങൾ വെട്ടിക്കുറച്ചത്. ഇതിനോട് അപ്പോൾ തന്നെ കേരളം അക്കാദമികമായി പ്രതികരിക്കുകയുണ്ടായി. |
| (ബി) | 6 മുതൽ 12 വരെ ക്ലാസ്സുകളിൽ നിലവിലുള്ള പാഠഭാഗങ്ങളിൽ നിന്ന് ഏതെങ്കിലും ഭാഗം നീക്കം ചെയ്യുന്നതിന് എൻ.സി.ഇ.ആർ.ടി. നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ദേശീയ വിദ്യാഭ്യാസനയം 2020 ന്റെ അടിസ്ഥാനത്തിൽ 2023-24 അക്കാദമിക വർഷം റാഷണലൈസേഷൻ എന്ന പേരിൽ ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ പാഠപുസ്തകങ്ങളിൽ നിന്ന് ചില ഭാഗങ്ങൾ എൻ.സി.ഇ.ആർ.ടി. ഒഴിവാക്കുകയുണ്ടായി. വർത്തമാനകാല സാഹചര്യത്തിൽ ക◌ുട്ടികൾ തീർച്ചയായും അറിഞ്ഞിരിക്കേണ്ട പലതും ഒഴിവാക്കപ്പെട്ടവയിൽ ഉണ്ടായിരുന്നു. സ്കൂൾ പാഠപുസ്തകങ്ങളിൽ നിന്ന് പരിണാമ സിദ്ധാന്തവും പീരിയോഡിക് ടേബിളും പോലുള്ള പാഠഭാഗങ്ങൾ ഒഴിവാക്കുകയുണ്ടായി. ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, സോഷ്യോളജി എന്നീ പാഠപുസ്തകങ്ങളിൽ നിന്നാണ് വ്യാപകമായി പാഠഭാഗങ്ങൾ ഒഴിവാക്കിയത്. ഇത്തരം കാര്യങ്ങൾ കൂടുതലും മാനവിക വിഷയങ്ങളിലാണ് വന്നിരിക്കുന്നത്. ചരിത്രത്തിൽ മുഗൾ ചരിത്രം, വ്യവസായ വിപ്ലവം, ഇന്ത്യാവിഭജന ചരിത്രം തുടങ്ങിയവയും പൊളിറ്റിക്കൽ സയൻസിൽ മഹാത്മജിയുടെ രക്തസാക്ഷിത്വം, പഞ്ചവത്സരപദ്ധതികൾ, അടിയന്തരാവസ്ഥ, ഇന്ത്യയിലെ ജനകീയ സമരങ്ങൾ തുടങ്ങിയവയും അന്താരാഷ്ട്ര തലത്തിലെ രാഷ്ട്രീയ മാറ്റങ്ങളും അമേരിക്കൻ സാമ്രാജ്യത്വം ഉൾപ്പെടെയുള്ളവയും ഇക്കണോമിക്സിൽ പ്രധാനമായും ദാരിദ്ര്യം സംബന്ധിച്ച കാര്യങ്ങളും സോഷ്യോളജിയിൽ ഇന്ത്യയിലെ സാമൂഹ്യസാഹചര്യങ്ങളും ജാതിവ്യവസ്ഥിതിയും പരാമർശിക്കുന്നതുമായ ഭാഗങ്ങൾ ആണ് എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയത്. കോവിഡിന്റെ സാഹചര്യം, ദേശീയ വിദ്യാഭ്യാസ നയം 2020, പാഠഭാഗങ്ങളുടെ കാഠിന്യനിലവാരം, ഒരേ പാഠഭാഗങ്ങളുടെ ആവർത്തനം, അനുഭവാധിഷ്ഠിത പഠനം സാധ്യമാക്കൽ എന്നിവയാണ് ഉള്ളടക്കം കുറയ്ക്കുന്നത് സംബന്ധിച്ച് എൻ.സി.ഇ.ആർ.ടി. നൽകുന്ന വിശദീകരണം. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന് വ്യാപകമായി ജനകീയ ചർച്ചകൾ നടക്കുമ്പോഴാണ് യാതൊരു യുക്തിയുമില്ലാതെ ഏകപക്ഷീയമായി പാഠഭാഗങ്ങൾ വെട്ടിക്കുറച്ചത്. ഇതിനോട് അപ്പോൾ തന്നെ കേരളം അക്കാദമികമായി പ്രതികരിക്കുകയുണ്ടായി. |
| (സി) | രാജ്യത്തിന്റെ ചരിത്രം, സ്വാതന്ത്ര്യ സമരകാലത്തിന്റെ ഊർജ്ജം, ഭരണഘടനാ മൂല്യങ്ങൾ എന്നിവയിലടക്കം വന്നിരിക്കുന്ന മാറ്റങ്ങൾ ഗൗരവമേറിയതും അംഗീകരിക്കാൻ കഴിയാത്തതുമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ബദൽ പുസ്തകങ്ങൾ സംസ്ഥാന സിലബസിൽ ഉൾപ്പെടുത്തി പഠിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | വിലയിരുത്തിയിട്ടുണ്ട്. ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ സംസ്ഥാനത്ത് എസ്.സി.ഇ.ആർ.ടി. തന്നെയാണ് തയ്യാറാക്കുന്നത്. അതിനാൽ എൻ.സി.ഇ.ആർ.ടി. ദേശീയതലത്തിൽ 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ വരുത്തിയ മാറ്റങ്ങൾ കേരളത്തെ സാരമായി ബാധിക്കുന്നില്ല. എന്നാൽ 11, 12 ക്ലാസുകളിൽ കേരളം ചില എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇതിൽ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, സോഷ്യോളജി എന്നീ പാഠപുസ്തകങ്ങളിൽ വ്യാപകമായി പാഠഭാഗങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ കൂടുതലും മാനവിക വിഷയങ്ങളിലാണ് വന്നിരിക്കുന്നത്. ചരിത്രത്തിൽ മുഗൾ ചരിത്രം, വ്യവസായ വിപ്ലവം, ഇന്ത്യാവിഭജന ചരിത്രം തുടങ്ങിയവയും പൊളിറ്റിക്കൽ സയൻസിൽ മഹാത്മാജിയുടെ രക്തസാക്ഷിത്വം, പഞ്ചവത്സരപദ്ധതികൾ, അടിയന്തരാവസ്ഥ, ഇന്ത്യയിലെ ജനകീയ സമരങ്ങൾ തുടങ്ങിയവയും അന്താരാഷ്ട്ര തലത്തിലെ രാഷ്ട്രീയ മാറ്റങ്ങളും അമേരിക്കൻ സാമ്രാജ്യത്വം ഉൾപ്പെടെയുള്ളവയും ഇക്കണോമിക്സിൽ പ്രധാനമായും ദാരിദ്ര്യം സംബന്ധിച്ച കാര്യങ്ങളും സോഷ്യോളജിയിൽ ഇന്ത്യയിലെ സാമൂഹ്യസാഹചര്യങ്ങളും ജാതിവ്യവസ്ഥിതിയും പരാമർശിക്കുന്നതുമായ ഭാഗങ്ങൾ ആണ് എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയത്.<br><br>ഈ സാഹചര്യത്തിലാണ് ഹയർസെക്കൻഡറി കുട്ടികൾ നിശ്ചയമായും അറിഞ്ഞിരിക്കേണ്ട ചരിത്ര വസ്തുതകളും സംഭവങ്ങളും യാഥാർത്ഥ്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് അഡീഷണൽ പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകിയത്. ഹിസ്റ്ററി, പൊളിറ്റിക്കൽസയൻസ്, എക്കണോമിക്സ്, സോഷ്യോളജി എന്നീ വിഷയങ്ങളിലാണ് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ ആഭിമുഖ്യത്തിൽ അഡീഷണൽ പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ നാല് വിഷയങ്ങളിലായി 6 വാല്യം പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പാഠപുസ്തകങ്ങളിലെ |

| | | | |
|---|---|---|---|
| | | | ഉള്ളടക്കം ക്ലാസ് മുറികളിൽ വിനിമയം ചെയ്യുന്നതും മൂല്യനിർണയത്തിന് പരിഗണിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ